**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1918

07.03.2017-ൽ
മറുപടിക്ക്

**അരൂർ പോലീസ് സ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം.ആരിഫ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) അരൂർ പോലീസ് സ്റ്റേഷനിൽ ഇപ്പോൾ ആകെ എത്ര പോലീസ് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു; ഇതിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഉണ്ട്; | (എ) അരൂർ പോലീസ് സ്റ്റേഷനിൽ നിലവിൽ 39 പോലീസ് ഉദ്യോഗസ്ഥർ പ്രവൃത്തിയെടുത്തു വരുന്നു. ഇതിൽ 2 പേർ വനിതാ പോലീസ് കോൺസ്റ്റബിൾമാരാണ്. |
| (ബി) അരൂർ പോലീസ് സ്റ്റേഷൻ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലോക്കപ്പ് സൗകര്യമോ വനിതാ പോലീസ് കോൺസ്റ്റബിൾമാർക്ക് വസ്ത്രം മാറുന്നതിനു പോലും സൗകര്യമോ ഇല്ലാതെ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അരൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അരൂർ പഞ്ചായത്ത് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പഞ്ചായത്ത് തീരുമാനം എടുത്ത് ഹോം ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിനായി വിട്ടു തന്ന ഭൂമി ഇതുവരേയും കൈമാറ്റം ചെയ്യാനാവാതെ അനിശ്ചിതത്വം തുടരുന്ന സാഹചര്യത്തിൽ അരൂർ സെന്റ് അഗസ്റ്റിൻ സ്കൂളിന്റെ തെക്ക് വശത്തുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് വക സ്ഥലം അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അനുവദിപ്പിക്കുന്നതിനായി ദേവസ്വം ബോർഡ് അധികൃതരുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് പോലീസ് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ; ഇതിനുള്ള നടപടിക്രമങ്ങൾ ഉടൻ ആരംഭിക്കുമോ? | (സി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ